بسم الله الرحمن الرحيم

# വെള്ളിയാഴ്ച ഖുത്തുബ

## ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(അ)

*03 February 2012 ~ 10 Rabi'ul Awwal 1433 AH*

## വെള്ളിയാഴ്ച ഖുത്തുബയുടെ സംഗ്രഹം

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കും, പൊതു മുസ്ലിംകൾക്കും സമാധാനാശംസകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്‌യിദീൻ(അ) തശഹ്ഹുദും, തഅവ്വുദും, സൂറ അൽഫാത്തിഹായും ഓതിയശേഷം, അദ്ദേഹം പറഞ്ഞു.

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ۝

തത്വജ്ഞാനവും സദുപദേശവും കൊ് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവരെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.(16:126)

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നത് ആരാണെന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോയത് ആരാണെന്നും പറയേത് മനുഷ്യരല്ല. അല്ലാഹുവിന്റെ അനുഗ്രഹം ഇറക്കേത് എവിടെയാണെന്ന് അല്ലാഹുവിന് മാത്രം അറിവുള്ള കാര്യമാണ്. അവൻ ഉദ്ദേശിച്ചവർക്ക് അവൻ ദൈവീകജ്ഞാനം നല്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആത്മീയജ്ഞാനങ്ങൾ നല്കുന്നു. ഇന്ന ഇന്ന ആളുകൾ ഖുർ ആനികവചനങ്ങൾ ഉപയോഗിക്കുന്നത് അവരുടെ കാര്യത്തിനാണ്.; എന്ന് ഒരാളും മുന്നോട്ട് വന്ന് പറയേതില്ല. ഒരു മുസ്ലിം ആയിത്തീരാൻ നമുക്കെല്ലാവർക്കും അറിയാം.വിശുദ്ധ ഖുർ ആനിൽ പല സ്ഥലത്തും പറഞ്ഞിട്ടു്. അതായത് ഒരു യഥാർത്ഥ വിശ്വാസി നിശ്ചയമായും അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അനുസരിക്കണം എന്ന് ഇനി നിങ്ങൾ ഒരു മുസ്ലിമാണ് എന്ന വാദിക്കുന്നുവെങ്കിൽ മുസ്ലിം എന്നതു കൊ് എന്താണർത്ഥമാക്കുന്നത്? മുസ്ലിം എന്നാൽ പരിപൂർണ്ണമായും അല്ലാഹുവിന് സ്വയം കീഴടങ്ങുന്നവനാകുന്നു. അതായത് അവന്റെ ദൈവത്തിന്റെ കല്പനകൾക്ക് പൂർണ്ണമായും വിധേയനാവുക എന്നു സാരം. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് ഒരു വിശ്വാസി പറയുമ്പോൾ , ഒരു മുസ്ലിം എന്തെങ്കിലും ഒരു കാര്യം സൂചിപ്പിക്കുവാൻ ഉദ്ദേശിക്കുമ്പോൾ, അവൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നു എന്നു സാരം. അത്തരം സന്ദർഭങ്ങളിൽ മറ്റുള്ള ആളുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാൻ പാടില്ല. എന്നാൽ അവൻ അടിസ്ഥാനപരമായി സ്വയം കണക്കാക്കേത് അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർ ആനും, അതായത് തന്റെ രക്ഷിതാവ് വെളിപ്പെടുത്തിയതെന്തോ അത്, ആ ഗ്രന്ഥം വെളിപ്പെടുത്തപ്പെട്ടത്.അവന്റെ പ്രവാചകനായ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) യ്ക്ക് ആകുന്നു. അദ്ദേഹം ഖാത്തമുന്നബിയ്യീൻ ആണ്. മുഴു ലോകത്തിന്റെ അനുഗ്രഹവുമാണ്.

ചില ആളുകൾ വലിപ്പം കാണിക്കുവാൻ ചില തലക്കെട്ടുകൾ ഉപയോഗിക്കാറു് എന്നു പറഞ്ഞ് നിങ്ങൾ മുന്നോട്ട് വരരുത്. അങ്ങനെ സംഭവിച്ചാൽ അത്തരത്തിലുള്ളവർ പറയാൻ ധൈര്യപ്പെട്ടേക്കാം. അതായത് മുഹ്‌യിദീൻ വിശുദ്ധ ഖുർ ആനിലെ ചില വചനങ്ങൾ മറ്റുള്ളവർക്ക് വിശദീകരിക്കുമ്പോൾ, സമാനരീതിയിൽ അജ്ഞതയാൽ അവർ പറയും ഓ നിങ്ങൾ എത്ര വലിയ ബുദ്ധിമാൻ.ഓ നിങ്ങൾ എത്ര വലിയ അറിവാളി; അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറഞ്ഞത് നിങ്ങൾ വായിച്ചിട്ടില്ലേ. അതായത് അവൻ അവന്റെ അനുഗ്രഹങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് നല്കുന്നു. ഞങ്ങൾ ഈ ഖുർ ആനിക വചനങ്ങൾ ആദ്യമായി കേൾക്കുകയല്ല; വെളിപാടായി അവതരിപ്പിച്ചിരിക്കുന്നുപോലും.

അവൻ സ്വയം തരംതാഴ്ത്തി സംസാരിക്കുവാനും മടിക്കുകയില്ല. ഞങ്ങൾക്കെതിരിൽ വിമർശിക്കുന്നത് ഞങ്ങൾ കാണുമ്പോൾ, അതായത് (അവനും അവന്റെ അംഗങ്ങളും) ഉത്തരവാദി

ത്വമില്ലാത്തവരായി കണക്കാക്കി പ്രയോജനമില്ലാത്തത് എന്നു കരുതി അവരെ ഞങ്ങൾ അവഗണിക്കുന്നു.നിങ്ങൾ അവഗണിക്കുകയാണ് എന്ന് പറയുകയാണെങ്കിൽ പിന്നെന്തിനാണ് ജനങ്ങൾ നിങ്ങളോട് ചോദ്യം ചോദിക്കുമ്പോൾ, നിങ്ങൾ മറുപടി പറയുന്നത്. യഥാർത്ഥത്തിൽ നിങ്ങൾ അവഗണിക്കുകയല്ലേ ചെയ്യേത്. നിങ്ങൾ പറയുന്നു. ഇതൊക്കെ പ്രയോജനരഹിതങ്ങളായ ചോദ്യങ്ങളാണ്. എന്നാൽ നിങ്ങൾ മറുപടി പറയുമ്പോൾ (നിങ്ങൾ അവഗണിക്കുന്നില്ല)? ചിലതൊക്കെ പ്രയോജനമില്ലാത്തതാണെന്ന് പറയുമ്പോൾ പിന്നെ ആ വിഷയത്തിന് എന്തു പരിഗണനയാണുള്ളത്. അഥവാ ആ വ്യക്തിക്ക് എന്തു പരിഗണനയാണുള്ളത്.അഥവാ ആ കാര്യത്തിന് എന്തു പരിഗണനയാണുള്ളത്? നിങ്ങൾ അവഗണിക്കുകയാണന്നാണ് പറയുന്നതെങ്കിൽ നിങ്ങൾ ഇതിന് ഒരു പ്രാധാന്യവും നല്കേതില്ല. നിങ്ങൾ ഇത് അവഗണിക്കുകയാണെങ്കിൽ  നിങ്ങൾ ഒരു ഭാഷ്യവും നല്കേതി ല്ല.

അദ്ദേഹം തുടർന്നു പറയുന്നു ''വിശുദ്ധ ഖുർ ആനിലൂടെ ഞങ്ങളിലുള്ള തെറ്റ്, ഞങ്ങളുടെ വിശ്വാസത്തിലെ തെറ്റ്, ഞങ്ങൾ ചെയ്യുന്നതിലെ തെറ്റ്, ഒന്നു ചൂിക്കാണിക്കാമെങ്കിൽ ഞങ്ങളവരെ തീർച്ചയായും അഭിനന്ദിക്കും''. നോക്കൂ; ഒരാളിന്റെ വിശ്വാസം എന്റെ കഴിഞ്ഞ ഖുത്തുബയിൽ പറഞ്ഞതു പോലെ അല്ലാഹു നബികരീം(സ.അ)നോട് പറഞ്ഞു. നിങ്ങൾ സന്ദേശം എത്തിക്കുക എന്നത് മാത്രമാണ് ഉത്തരവാദിത്വം. അല്ലാഹു ആകുന്ന വിശ്വാസം(ജനങ്ങൾക്ക്) നല്കുന്നത്.ഇന്നു പ്രഭാതത്തിൽ നാം പഠനാർഹമാക്കിയ പ്രവാചകവചനത്തിൽ ഇബ്നുഉമർ(റ) വിശദീകരിക്കുന്ന ഹസ്രത്ത് മുഹ മ്മദ് മുസ്തഫാ(സ.അ) പറഞ്ഞിട്ടു്. അതായത് എല്ലാവരുടെയും എല്ലാ പ്രവർത്തനങ്ങളും എല്ലാവരുടെയും രു ഭാഗങ്ങളിലായി മാലാഖമാർ രേഖപ്പെടുത്തുന്നു്.

ഓരോ മനുഷ്യനും തന്റെ പ്രവർത്തനങ്ങളുടെ ഉത്തരവാദിയാണ്. വിശുദ്ധ ഖുർ ആൻ പറഞ്ഞതു പോലെ നിങ്ങളിലോരോരുത്തരും അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ പ്രവർത്തനങ്ങളുടെ കണക്കു ബോധിപ്പിക്കേി വരും. ആയതിനാൽ ആരുടെ പ്രവർത്തങ്ങളാണ് നല്ലത് ആരുടെ പ്രവർത്തനങ്ങൾ നല്ലതല്ല എന്നു വിധിക്കുവാൻ ആർക്കും അവകാശമില്ല. എന്നിട്ടും സംഘം ചേർന്ന്, അവരുടെ സംഭാഷണങ്ങളിൽ ഇതേ വിഷയം തന്നെ ചർച്ച ചെയ്യുന്നു. ഇത് ഇസ്ലാമികമാണോ?

അദ്ദേഹം തുടർന്നു പറഞ്ഞു. വിശുദ്ധ ഖുർ ആന്റെ വചനങ്ങളെ തങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നവരോടും പറയാനുള്ളത്, വളച്ചൊടിക്കരുത്, വികൃതമാക്കരുത്, വക്രമാക്കരുത് എന്നാണ്. ആയതിനാൽ ഖുർ ആനിക വചനങ്ങൾ കാര്യങ്ങൾ വിശദീകരിക്കുവാൻ ഉപയോഗിക്കുമ്പോൾ, ഒരു വിശദീകരണം നല്കുക. അവർ ഇത്ര എങ്കിലും ചെയ്യേതാണ്. സമാനാർത്ഥമുള്ള ഒരു വാക്കിനെ വളച്ചൊടിക്കുമ്പോൾ, ഈ ഖുർ ആനിക വചനാർത്ഥം ഞങ്ങളുടെ കാര്യത്തിന് അനുയോജ്യമാക്കുകയാണ് എന്നു സമ്മതിക്കണം.

ഹസ്രത്ത് മുഹ്യിദീൻ(അ) തുടർന്നു പറഞ്ഞു. അല്ലാഹുവിന്റെ ഓരോ പ്രവാചകനും, വാഗ്ദത്ത മസീഹ്(അ) ഉൾപ്പെടെ, വിശുദ്ധ ഖുർ ആന്റെ വചനങ്ങളെ എടുത്ത് വികൃതമാക്കി തന്റെ ആവശ്യങ്ങൾക്കനുസൃതമായി ഉപയോഗിക്കുകയാണ് ചെയ്യുന്നതെന്ന് ജനങ്ങൾ പറഞ്ഞിരുന്നു. ചിന്തിക്കുന്നവർക്ക് മനസ്സിലാകും എങ്ങനെയാണ് ഈ ആളുകൾ അവരുടെ പിത്തനീര് ഛർദ്ദിക്കുന്നതെന്ന്; അവരുടെ ഹൃദയങ്ങളിൽ എത്രത്തോളം വെറുപ്പാണ് കുടിയിരിക്കുന്നതെന്ന്; അദ്ദേഹം ഈ ചോദ്യം ആ വിജ്ഞാനിയോട് ചോദിക്കുകയു ായി.

വലിയ ആളാണെന്ന മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കുവാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്. ആരാണ് ഈ പദവി തരുന്നത്. മനുഷ്യനോ; ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) യുടെ പ്രസംഗ പീഠത്തിൽ നിങ്ങൾ നിന്നിരുന്ന ദിവസങ്ങൾ നിങ്ങൾ മറന്നു പോയോ? അവിടെ നിന്നുകൊ് നിങ്ങൾ ജനങ്ങളോട് പ്രഖ്യാപിക്കുകയുായല്ലോ, ദൈവീക വെളിപാടുകൾ, ദൈവീക സന്ദേശങ്ങൾ വന്നുകൊിരിക്കുന്നു എന്ന് .മറ്റുള്ളവരുടെ വിശ്വാസംഅളക്കുമ്പോൾ വിനയം കാട്ടുക.താങ്കൾക്കോ  അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ എല്ലാ ഖുർ ആനിക വചനങ്ങളും പൂർണ്ണമായും വിശദീകരിക്കാൻ കഴിയുമോ? തീർച്ചയായും അല്ലാഹുവിന്റെ മറ്റു ദൂതന്മാർ ഭാവിയിൽ വരുന്നതാണ്. അവൻ ഖുർ ആൻ തുടർന്നു വ്യാഖ്യാനിക്കുന്നതായിരിക്കും. വിശദമാക്കുന്നതായിരിക്കും. നിങ്ങൾ പറയുമായിരുന്നല്ലോ അല്ലാഹുവിന് ഒരാളെ ഉയർത്താൻ ആരുടെയും അനുവാദം ആവശ്യമില്ല എന്ന്. അദ്ദേഹം പറയുന്നത് കേൾക്കുക. ''വിശുദ്ധ ഖുർ ആൻ മനസ്സിലാക്കുന്ന കാര്യത്തിൽ അദ്ദേഹം ഒരു ആധികാരിക കേന്ദ്രമാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ് ''.

ഞാനൊരു പരമാധികാരിയാണെന്നോ? അതോ മഹാനായ നിപുണനാണെന്നോ? ഞാൻ അല്ലാഹുവിനോട് മാപ്പിരക്കുന്നു. എനിക്ക് ഇത്തരത്തിലൊരു കഴിവുമില്ല. ഞാനൊരു ദുർബല മനുഷ്യനാണെന്ന് പറയാതിരിക്കാൻ എന്തു കാരണമാണുള്ളത്. എനിക്കു പറയാൻ കഴിയും ഞാനൊരു വട്ടപൂജ്യമാണെന്ന്. എന്നാൽ ആ വട്ടപൂജ്യത്തെ ഉയർത്താൻ അല്ലാഹു ആഗ്രഹിച്ചു. ഒരു അധികാരി ആകാൻ

ഞാനൊരിക്കലും ആഗ്രഹിച്ചില്ല. അധികാര മോഹം തീരെ ഇല്ലാത്തവനാണ് ഞാൻ. എന്നാൽ (എനിക്കും അവനുമിടയിൽ) ആരാണോ ആഗ്രഹിച്ചത് പൂർണ്ണമായും അവന്റെ പേരാണ് രേഖപ്പെടുത്തിയത്. ബൈഅത്ത് ഫോമിലും, നിക്കാഹ് ഫോമിലും, മറ്റു ഔദ്യോഗിക പേപ്പറുകളിലുമെല്ലാം അവനാണ് ആഗ്രഹിച്ചത് എല്ലാ എഴുത്തുകുത്തുകളിലും അവന്റെ പേര് ബന്ധപ്പെടുത്തണമെന്ന്. ബന്ധപ്പെടുന്ന എല്ലാ പേരുകളും അവന്റെ പേരിലാകാൻ ആഗ്രഹിച്ചു. അധികാര കസേരയിൽ അവൻ ഇരിക്കുന്നു. അവൻ ആഗ്രഹിക്കുന്നു. അവന്റെ പേര് എല്ലായിടത്തും പറയപ്പെടണമെന്ന്. അവൻ വീും പറഞ്ഞു. ''ഗ്രൂപ്പുകളുാക്കി നേതൃസ്ഥാനം ആഗ്രഹിക്കുന്ന ആളുകളിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിക്കട്ടെ; വിശുദ്ധ ഗ്രന്ഥത്തിലെ അധ്യാപനങ്ങൾ നന്നായിട്ടറിയില്ലെങ്കിൽ പോലും അവർക്ക് ആവശ്യമായ രീതിയിൽ അവർ അതിനെ വളച്ചൊടിക്കാൻ ശ്രമിക്കുകയാണ്. അതവരുടെ തന്നെ അജ്ഞത മറച്ചു വെയ്ക്കുന്നതിന് വേിയാണ്''.

എന്തു ദുരഹങ്കാരമാണ്; ചിലരുടെ അറിവിനെ അവൻ വിശകലനം ചെയ്തിരിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ വിശുദ്ധ ഖുർ ആന്റെ അർത്ഥം അവനു മാത്രമേ അറിയൂ. എന്ന ഭാവം. മറ്റുള്ളവർക്ക് ഇത് ലഭ്യമല്ല എന്ന ഭാവം. അത്തരം ഒരവസ്ഥയിൽ എത്തിച്ചേർന്നാൽ തീർച്ചയായും അതിന്റെ പേര് ദുരഹങ്കാരം എന്നു തന്നെയാണ്. അവൻ ചിന്തിക്കുന്നതു പോലെ കാണപ്പെടുന്നു. നിനക്കെന്ത് അറിവാണുള്ളത്, നീ അജ്ഞനായ ഒരു മുനഷ്യനാണ്. എന്നിട്ട് നിന്റെ സംഘത്തിന്റെ നേതാവായി സ്വയം പ്രഖ്യാപിക്കുകയാണ്.നീ മറഞ്ഞിരിക്കുകയാണ്. വിശദീകരിക്കുന്ന വിഷയത്തിന്റെ സന്ദർഭം നിനക്കറിയില്ല. നീ ജനങ്ങളെ വിഡ്ഢികളാക്കാൻ ശ്രമിക്കുകയാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം, അതെ ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം, അതെ ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ഒന്നാമതായി ചെയ്യേ കാര്യം എന്താണ്? അല്ലാഹുവിന്റെ വാക്കുകളെ ഖുർ ആനിക വചനങ്ങളെ അവൻ മുമ്പിൽ വെയ്ക്കുന്നു.ഇതാണ്(വിശുദ്ധ ഖുർ ആൻ) നമ്മുടെ ഏറ്റവും വലിയ ആയുധം അതാണ് നമ്മുടെ ജീവിതം. നമ്മുടെ എല്ലാം എല്ലാം അതുതന്നെയാണ്. ഇനി ആരെങ്കിലും ഖുർ ആനെ ഉപേക്ഷിക്കുകയാണെങ്കിൽ, നിശ്ചയമായും അവൻ തെറ്റായ പാതയിൽ ആപതിക്കുന്നതാണ്. അവൻ ദുരഹങ്കാരത്തിൽ പ്രവേശിക്കുന്നതാണ്. അവന്റെ വാക്കുകൾ പ്രയോജനരഹിതങ്ങളായിത്തീരുന്നതാണ്. നിശ്ചയമായും ഏറ്റവും മഹത്വമേറിയ വാക്കുകൾ വിശുദ്ധ ഖുർ ആന്റേതു തന്നെയാണ്. അതെ അല്ലാഹുവിന്റെ വാക്കുകൾ തന്നെ. ദൈവദൂതന്മാർ, നബികരീം(സ.അ) തന്നെ എന്തിന്, വാഗ്ദത്ത മസീഹ്(അ) വിശുദ്ധ ഖുർ ആന്റെ വചനങ്ങളെ എടുത്തു ഉദ്ധരിച്ചിട്ടില്ലേ.? അവ മുമ്പിൽ വയ്ക്കുകയും അവയെ അവർ വിശദീകരിക്കുകയും ചെയ്തില്ലേ? ഖുർ ആന്റെ വാക്കുകളെ ആരും ഉപയോഗിച്ചിട്ടില്ലേ? പരിശുദ്ധ ഖുർ ആന്റെ വചനങ്ങളെ വിശദീകരിക്കുവാൻ നിങ്ങൾ അശക്തനാകുമ്പോൾ നിങ്ങൾ മറ്റുള്ളവരോട് മോശമായി പെരുമാറുകയാണോ? അത് വിശുദ്ധ ഖുർ ആന്റെ അർത്ഥം മനസ്സിലാകാത്തതു കൊാണ്.

തുടർന്നദ്ദേഹം ഒരു പ്രവാചക വചനം ഉദ്ധരിച്ചു. പ്രവാചക വചനം ഉദ്ധരിക്കുവാൻ അദ്ദേഹത്തിന് അവകാശമു്. മറ്റുള്ളവർക്കില്ല. ജനങ്ങളോട് നന്ദികാണിക്കാത്തവൻ ദൈവത്തിനോട് നന്ദി കാണിക്കുന്നവനല്ല.

മാതാപിതാക്കളെ പൂർണ്ണമായും അനുസരിക്കുവാൻ വിശുദ്ദ ഖുർ ആൻ തന്നെ തെളിവു നല്കുന്നു.എന്നാൽ എപ്പോൾ മാതാപിതാക്കളെ അനുസരിക്കാതിരിക്കാം?മാതാപിതാക്കൾ നിങ്ങളെ ''ശിർക്കി''ലേക്ക് നയിക്കുമ്പോൾ അല്ലാഹുവിന്റെ വാക്കുകളെയും, ദിവ്യവെളിപാടുകളെയുംതടയുമ്പോൾ (നിങ്ങൾക്ക് മാതാപിതാക്കളെ അനുസരിക്കാതിരിക്കാം.)ഇവിടെ നിങ്ങളും നിങ്ങടെ മാനേജിംഗ് കമ്മിറ്റിയുംഅല്ലാഹുവിന്റെ ദൂതനെ പിന്തുടരുവാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ പിന്തിരിഞ്ഞു കളഞ്ഞു.എപ്പോൾ ദൈവദൂതനെ പിന്തുടരുവാൻ വിമുഖത കാട്ടിയോ, അപ്പോൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ നിഷേധിച്ചു. എന്നിട്ട് നിങ്ങൾ പറയുന്നു ''ഞാൻ നിങ്ങളോട് നന്ദിയില്ലാത്തവനാണെന്ന്''. (നിങ്ങളും നിങ്ങളുടെ മാനേജിംഗ് കമ്മിറ്റിയും?) ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ സംസാരിച്ചാൽ, വളരെയധികം സമയം വേിവരും.

വിശുദ്ധ ഖുർ ആന്റെ വചനങ്ങളെ ഞാൻ മുന്നിൽ വച്ചപ്പോൾ അദ്ദേഹം പറയുന്നു. ''ഞാനീ വചനത്തെ എനിക്കനുകൂലമാക്കി വളച്ചൊടിക്കുകയാണെന്ന്''. അദ്ദേഹത്തിനു മാത്രമേ ഖുർ ആൻ വചനങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളൂ. അതു പോലെ ഹസ്രത്ത് മിർസാഗുലാം അഹ് മദ്(അ)ന്റെ വാക്കുകളും(അദ്ദേഹത്തിനു മാത്രമേ) മുമ്പോട്ടു വയ്ക്കുവാൻ പാടുള്ളൂ.ഇൻഷാ അല്ലാഹ് ഇതിന്റെ ഖണ്ഡനം പിന്നീടു നടത്തുന്നതാണ്.

ഇതേ തുടർന്ന് ഹുസൂർ(അ) തന്റെ പ്രസംഗ വിഷയത്തിന്റെ പ്രധാന ഭാഗങ്ങൾ വിശദീകരിച്ചു.–''റബ്ബ്'' ഉം ''ദഅ്വ'' യും(റബ്ബ്= രക്ഷിതാവ്)(ദഅ്വ= ക്ഷണം)

എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പാരായണം ചെയ്ത വചനത്തിലെ അറബിക് വാക്കായ ''റബ്ബ്'' ന് ഇപ്രകാരമാണ് അർത്ഥം നല്കിയിരിക്കുന്നത്. ഒരേ ഒരു ദൈവം; അവൻ വാത്സല്യപൂർവ്വം വളർത്തുന്നവനാണ്, പ്രയാസങ്ങളിൽ ആശ്വാസം നല്കുന്നവനാണ്.ഇപ്രകാരം അർത്ഥം നല്കാൻ കാരണം റബ്ബ് എന്ന വാക്കിന് അതിന്റെ യഥാർത്ഥ അർത്ഥത്തിനു പുറമെ മറ്റ് അർത്ഥവുമുള്ളതു കൊാണ്.മനുഷ്യരു മായി ബന്ധപ്പെടുത്തി അർത്ഥം നല്കാറു്. ക്രിസ്ത്യാനികൾ റബ്ബ് = 'Lord'എന്ന വാക്കിന് യേശുക്രിസ്തു വുമായി ബന്ധപ്പെടുത്തി അർത്ഥം പറയാറു്. മാത്രമല്ല മറ്റു മനുഷ്യരുമായി ബന്ധപ്പെടുത്തിയും ഈ വാക്ക് ഉപയോഗിക്കാറു്. അമിതാധികാരമുള്ള വ്യക്തിക്ക് ഈ വാക്ക് ഉപയോഗിക്കാറു്. ഇംഗ്ല ി ൽ''Lord''അഥവാ'റബ്ബ് 'എന്ന വാക്ക് ഇടപ്രഭുക്കന്മാർക്കും/ മറ്റു പ്രഭുക്കന്മാർക്കും അതായത് ക്രൈസ്തവ സഭാദ്ധ്യക്ഷൻമാർക്കും ഡ്യൂക്ക് പദവിയിലുള്ളവരുടെ പുത്രന്മാർക്കും നഗരസഭാദ്ധ്യക്ഷന്മാർക്കും മറ്റും ഈ വാക്ക് ഉപയോഗിക്കാറു്. അല്ലാഹുവിന്റെ ഗുണവിശേഷം മറ്റു വ്യക്തികളുമായി ബന്ധപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കാൻ വേിയാണ് ഇത്തരത്തിൽ പ്രത്യേക അർത്ഥം കൊടുത്തിരിക്കുന്നത്. നിശ്ചയമായും അല്ലാഹു എല്ലാത്തിനെയും സൃഷ്ടിച്ചവനാണവൻ. ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കു വേി സൃഷ്ടിച്ചവനാണവൻ(2:30)

''മുൻ മാതൃകയില്ലാതെ ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചവനത്രെ അവൻ(2:118)''

ആകാശങ്ങളെയും ഭൂമിയെയും ന്യായമായ ലക്ഷ്യങ്ങളെ മുൻ നിർത്തി സൃഷ്ടിച്ചവനത്രെ അവൻ.(6:74)

അവൻ ഒരേ ഒരു റബ്ബാണ്; അതായത് ഒരേ ഒരു ദൈവം;അവൻ വാൽസല്യപൂർവ്വം വളർത്തുന്നവനാണ്. അവൻ ആശ്വസിപ്പിക്കുന്നവനാണ്. ഈ ലോകത്തെ മുഴുവൻ താങ്ങിനിർത്തുന്നവനാണ്.

''പരമകാരുണികൻ കരുണാമയൻ''.(1:3)

''സർവ്വസ്തുതിയും സർവലോക നാഥനായ അല്ലാഹുവിനു മാത്രമാകുന്നു''-(39:76)

അവന് കൂട്ടുകാരാരുമില്ല.

പറയുക അല്ലാഹുവല്ലാതെ മറ്റു വല്ലവരേയും രക്ഷകർത്താവെന്ന നിലയിൽ ഞാൻ അന്വേഷിക്കുകയോ? അവനാകട്ടെ സർവ്വവസ്തുക്കളുടെയും പരിപാലകനാണ്.(6:165)

അവനെപ്പോലെ മറ്റൊന്നുമില്ല:-

''അവനെ പോലുള്ള ഒരു വസ്തുവും ഇല്ല തന്നെ. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു''.(42:12)

''പറയുക അവൻ അല്ലാഹുവാകുന്നു. ഏകൻ, അല്ലാഹു സർവ്വാധി നാഥനാകുന്നു.അവൻ സന്താനോല്പാദനംചെയ്തിട്ടില്ല.അവൻ(ആരുടെയും സന്താനമായി) ഉല്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു സമനായി ആരും തന്നെയില്ല''.(112:2-6)

ഞാൻ എന്റെ ഇന്നത്തെ വിഷയത്തിലേക്കു വരികയാണ്. അധ്യായം 16-ലെ 126- വചനം ഞാൻ വായിച്ചു കേൾപ്പിച്ചതാണ്. എന്റെ സഹോദരീ സഹോദരന്മാരെ ഇതൊന്നു മനസ്സിലാക്കുവാൻ ശ്രമിക്കുക.നിശ്ചയമായും, നമ്മൾ മുസ്ലിംകൾ വളരെ വലിയ ഭാഗ്യവാന്മാരാണ്. കാരണം അല്ലാഹു നമ്മെ നേർമാർഗ്ഗത്തിൽ നയിച്ചിരിക്കുകയാണ്. നമ്മെ ഇസ്ലാമിൽ പ്രവേശിപ്പിച്ചതിലൂടെ; അതിനാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേി നാം ജനങ്ങളെ അവന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കേതാണ്. ഇത് അവനോടുള്ള ഒരു നന്ദി പ്രകടനമാണ്. മാനവസമൂഹത്തിനാകമാനം പരിപൂർണ്ണ മതമായി ഇസ്ലാമിനെ അവതരിപ്പിച്ചിരിക്കുകയാണെന്ന് വിശുദ്ധ ഖുർ ആനിലൂടെ അല്ലാഹു പ്രഖ്യാപിക്കുന്നു.

''ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു''.(5:4)

സത്യമായും അല്ലാഹുവിന്റെ കണ്ണിൽ സത്യമതം ഇതു തന്നെയാണ്.''തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം 'ഇസ്ലാം' ആകുന്നു''.(3:20)

അവൻ അംഗീകരിച്ച ഒരേ ഒരു മതം-

''ഏതൊരാൾ ഇസ്ലാം അല്ലാതെ മറ്റു വല്ലമതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ(അയാൾ അറിഞ്ഞിരിക്കട്ടെ) അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല.''(3:86)

''ഇതാണ് യഥാർത്ഥ മതം, എന്നാൽ ജനങ്ങളിൽ അധികം പേരും യാഥാർത്ഥ്യം ഗ്രഹിക്കാത്തവരാകുന്നു.''

''അവനെ വിട്ട് നിങ്ങളും നിങ്ങളുടെ പൂർവ്വ പിതാക്കളും സങ്കല്പ്പിച്ചു വെച്ച ചില നാമങ്ങളെയല്ലാതെ നിങ്ങൾ ആരാധിക്കുന്നില്ല. അവയെ സംബന്ധിച്ച് അല്ലാഹു ഒരു തെളിവും ഇറക്കിയിട്ടില്ല. ആജ്ഞാധികാരം അല്ലാഹുവിനു മാത്രമുള്ളതാണ്. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ ആജ്ഞാപിച്ചിരിക്കുന്നു. അതാണ് ൠജുവായ മതം. പക്ഷേ മനുഷ്യരിൽ അധികം പേരും ഇക്കാര്യമറിയുന്നില്ല.''(12:41)

''അതിനാൽ ൠജുമാനസനായി നിന്റെ സകല ശ്രദ്ധയും മത(സേവന)ത്തിനായി തിരിച്ചു നിർത്തുക''.(30:31)

അല്ലാഹു, അവന്റെ അനുഗ്രഹത്താൽ, സത്യവിശ്വാസികളെ സത്യത്തിലേക്ക് വഴി കാണിച്ചിരിക്കുന്നു.

''അല്ലാഹു താനുദ്ദേശിക്കുന്നുവരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നു''.(2:214)

ചുരുക്കത്തിൽ ഈ വചനങ്ങൾ നാം പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുകയാണെങ്കിൽ, നമുക്ക് ഒരന്തിമ തീരുമാനത്തിലെത്തിച്ചേരാൻ സാധിക്കും. അതായത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാൻ ഓരോ മുസ്ലിമും ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കൽ നിർബന്ധമായ കാര്യമാണെന്ന്. സൃഷ്ടാവായ അല്ലാഹുവിൽ നിന്നുള്ള  കല്പനയാണ് ''സന്ദേശം എത്തിക്കൽ''എന്ന ഉത്തരവാദിത്വം. മാനവസമൂഹത്തെ മുഴുവൻ ഇസ്ലാമിലേക്ക് ക്ഷണിക്കുവാൻ ഓരോ മുസ്ലീമിനോടും അല്ലാഹു കല്പ്പിക്കുന്നു. എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ ഓതിയ ഖുർ ആനിക വചനത്തിൽ പ്രസ്തുത കാര്യം അല്ലാഹു ഊന്നിപ്പറയുന്നു.ദഅ്വ അഥവാ അല്ലാഹുവിലേക്കുള്ള ക്ഷണം ഒരു സുന്നത്തെന്ന നിലയിൽ ദൈവസേവയിലെ ഏറ്റവും നല്ല വഴിയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെയ്യാവുന്ന നല്ല പ്രവൃത്തികളിൽ ഒന്നാണ് അല്ലാഹുവിലേക്കുള്ള ക്ഷണം അല്ലെങ്കിൽ ക്ഷണിക്കുന്നതിനെ സഹായിക്കൽ. അതൊരു പ്രകടമായ ദൃഷ്ടാന്തമാണ്. നമ്മുടെ സ്രഷ്ടാവിനെ തൃപ്തിപ്പെടുത്തുവാൻ ആത്മാർത്ഥതയോടെ നാമിതു ചെയ്യുകയോ, സഹായിക്കുകയോ ചെയ്താൽ നമ്മുടെ ജീവിതം നിശ്ചയമായും ആനന്ദതുന്ദിലമായിത്തീരും. ഇസ്ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന മുസ്ലിംകളെ അല്ലാഹു ഉയർത്തുന്നതാണ്.പുകഴ്ത്തുന്നതാണ്.അവൻ(അല്ലാഹു) പറയുന്നു. മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദ്ദേശിക്കുകയും, ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രന്ഥാനുസാരികൾ വിശ്വസിച്ചിരുന്നുവെങ്കിൽ അവർക്കതു ഗുണകരമായേനെ. അവരിൽ വിശ്വാസികളായ ചിലരുണ്ട് പക്ഷേ അവരിൽ അധികം പേരും ധിക്കാരികളാണ്.(3:111)

അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും സൽക്കർമ്മമനുഷ്ടിക്കുകയും ഞാൻ അനുസരണമുള്ളവരിൽ പെട്ടവൻ തന്നെയാണെന്ന് പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ല വാക്ക് പറയുന്നവനാരു്?.(41:34)

ഇസ്ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരുടെ പട്ടികയിൽ നാം ചേരുകയാണെങ്കിൽ, നാം വിജയശ്രീയായി തീരുന്ന വിശ്വാസികളുടെ പട്ടികയിൽ ഉൾപ്പെടുന്നതാണ്. ഇസ്ലാമിലെ സത്യതന്ധരായ ഉപദേശകർക്ക് അല്ലാഹു ഒരു കാര്യം ഉറപ്പു നല്കുന്നു. അവർ സംതൃപ്തി നേടിയവരായി തീരുക മാത്രമല്ല അവർക്ക് വളരെയധികം സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. നിഷ്കളങ്കഹൃദയത്തോടേ നാം അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുമ്പോൾ നമ്മുടെ പ്രതിഫലം അല്ലാഹുവല്ലാതെ മറ്റൊന്നുമല്ല, എന്ന ആഗ്രഹത്തോടെ,ചെയ്യുമ്പോൾ അല്ലാഹു അവന്റെ അനന്തമായ അനുഗ്രഹങ്ങൾ സമീപകാലത്ത് തന്നെ നല്കുന്നതാണ്. ഇസ്ലാം മാനവകുലത്തിനാകമാനമുള്ള മതമായിരിക്കെ, മാനവകുലത്തെ ആകമാനം ഇസ്ലാമിലേക്ക് ക്ഷണിക്കുക എന്നത് മുസ്ലിംകൾക്ക് സുന്നത്തിൽപ്പെട്ട കാര്യമാണ്. ഈ ക്ഷണം നാം നമ്മുടെ കുടുംബത്തിൽ നിന്നും ആരംഭിക്കണം.പിന്നെ ബന്ധുക്കളിലേയ്ക്കും അടുത്ത സുഹൃത്തുകളിലേയ്ക്കും, ഇതായിരുന്നു പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ) യുടെ സുന്നത്ത് അഥവാ   ചര്യ.ഇസ്ലാമിലേക്ക് ആദ്യം കഷണിക്കപ്പെട്ട സംഘം ഇവരായിരുന്നു. (1) പ്രവാചക പത്നി ഖദീജ(റ) (2) തന്റെ പിതൃസഹോദര പുത്രൻ അലി (റ) (3) തന്റെ ഏറ്റവും അടുത്ത സുഹൃത്ത് അബൂബക്കർ(റ). അല്ലാഹു നമ്മോട് കല്പ്പിച്ചതനുസരിച്ച് നമ്മുടെ അടുത്ത ബന്ധുക്കളെ ക്ഷണിക്കുക. അവർക്ക് നിങ്ങൾ സന്തോഷ വാർത്ത അറിയിക്കുക അല്ലെങ്കിൽ മുന്നറിയിപ്പ് നല്കുക.

ഈ വചനത്തിൽ സർവ്വശക്തനായ അല്ലാഹു പറയുന്നു. ''നീ (ആദ്യമായി) നിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പ് നല്കുക''.(26:215)

സഹമുസ്ലിം സഹോദരങ്ങളെയും ഇസ്ലാമിലേക്ക് മടങ്ങി എത്തിയവരേയും നമ്മൾ ''തബ് ലീഗ്'' ചെയ്യേ തു് ''ശഹാദത്തു കലിമാ'' പ്രഖ്യാപനത്തിലൊതുങ്ങുന്നതല്ലത്. ഇസ്ലാമിന്റെ കല്പനകളെക്കുറിച്ചും അധ്യാപനങ്ങളെകുറിച്ചും അവർ കൂടുതൽ പഠിക്കേതു്. വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ)യ്ക്കുശേഷം ദൂതന്മാരുടെ ആഗമനത്തെക്കുറിച്ചും മുഹമ്മദ് മുസ്തഫാ(സ.അ)

യുടെ ഓരോ നൂറ്റാിന്റെ തലയ്ക്കലും മുജദ്ദിദുമാരുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനത്തെക്കുറിച്ചും, ദൈവീക ദൃഷ്ടാന്തങ്ങളെക്കുറിച്ചും, ഈ നൂറ്റാിൽ മതനവീകരണത്തിന് അല്ലാഹു നിയോഗിച്ച മുജദ്ദിദിന്റെ ആവശ്യകതയെക്കുറിച്ചും ഒക്കെ വിശദമായി പഠിക്കേ തു്.

നമ്മുടെ സഹമുസ്ലിം സഹോദരങ്ങളിൽ വളരെയധികം പേരും, അജ്ഞതകൊ ാ, അഥവാ ഇസ്ലാമിനെ പറ്റി ശരിയായ അറിവില്ലാത്തതിനാലോ, അവർ ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താണ്. വളരെയധികം മുസ്ലിം സഹോദരങ്ങളും ചില ''മുല്ലാക്കൾ'' പറയുന്നത് ശ്രദ്ധിക്കുകയും അവരെ പിന്തുടരുകയും ചെയ്യുന്നു.വിശുദ്ധ ഖുർ ആനും, വിശുദ്ധ നബിയും എന്തു പറഞ്ഞു എന്ന് നോക്കാതെയാണ് ഈ ''മുല്ലാക്കൾ'' പ്രഘോഷിക്കുന്നതെന്ന് മുസ്ലിം സാമാന്യജനം മനസ്സിലാക്കുന്നില്ല. വിശുദ്ധ ഖുർ ആനും, തിനവചനങ്ങളും പഠിക്കാതെ ഇവർ അന്ധമായി ഈ മുല്ലാക്കളെ അനുകരിക്കുകയാണ്. ഇസ്ലാമിക വിശ്വാസ ത്തെക്കുറിച്ച് സംസാരിക്കാൻ ഈ മുല്ലാക്കൾക്ക് അവകാശവും, അധികാരവുമില്ല. അവരുടെ വിശ്വാസവും, സംസാരവും, പ്രവർത്തിയും വിശുദ്ധ ഖുർ ആനും സുന്നത്തും അനുസരിച്ചല്ല. ശരിയായ പാതയ്ക്ക് പുറത്തു വിവിധ വിഭാഗങ്ങളായി തൂങ്ങി കിടക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

അബ്ദുല്ലാ ഇബ്ന് അംറ് ഇബ്ന് അൽആസ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു. ഇസ്രായീൽ ജനതയിൽ സംഭവിച്ച എല്ലാ തിന്മകളും എന്റെ സമുദായത്തിലും വന്നുഭവിക്കുന്നതാണ്. എത്രത്തോളമെന്നാൽ ബനീ ഇസ്രായേൽ ജനതയിൽ ഒരുവൻ തന്റെ മാതാവുമായി പരസ്യമായി വ്യഭിചാരവൃത്തിയിലേർപ്പെട്ടിട്ടുങ്കെിൽ, അതുപോലെ എന്റെ സമുദായത്തിലും ഒരുവൻ അങ്ങനെ ചെയ്യുന്നതായിരിക്കും. ബനീ ഇസ്രായീൽ ജനത എഴുപത്തി രു ശാഖകളായി പിരിഞ്ഞു പോയിട്ടു ങ്കിൽ എന്റെ ജനത എഴുപത്തി മൂന്നു ശാഖകളായി പിരിഞ്ഞു പോകും.ഒരു ശാഖ ഒഴികെ ബാക്കി എല്ലാം നര കത്തിലായിരിക്കും. അവർ(അനുചരന്മാർ) ചോദിച്ചു. ''അല്ലയോ അല്ലാഹുവിന്റെ ദൂതരെ, ആ ശാഖ ഏതാ ണ്.? അതിനെ തുടർന്ന് അദ്ദേഹം (പ്രവാചകൻ) പറഞ്ഞു. ഞാനും എന്റെ അനുചരന്മാരും ഉള്ള നിലയിലുള്ള സംഘമായിരിക്കും അത് ''. തിർമിദി അതാണ് യഥാർത്ഥ ഇസ്ലാമിക സംഘം(ജമാ അത്തുസ്സഹീഹിൽ ഇസ്ലാം)

നമ്മുടെ സഹമുസ്ലിം സഹോദരന്മാർക്ക് ദഅ്വ (ദൈവത്തിലേക്കുള്ള ക്ഷണം) എത്തിക്കുന്നതിന്റെ മറ്റൊരു കാരണം, മുസ്ലിംകൾ അല്ലാത്തവർക്ക് പ്രയാസമന്യേ ക്ഷണം എത്തി ക്കാൻ കഴിയും. ബഹഭൂരിഭാഗം മുസ്ലിംകൾ അല്ലാത്തവരുടെ, ഇസ്ലാമിനെ പറ്റിയുള്ള അവരുടെ അടിസ്ഥാന അറിവ് അവർ മുസ്ലിംകളിലൂടെ കാണുന്നതും അവർ ചെയ്യുന്നതുമാണ്. ദൗർഭാഗ്യവശാൽ മുസ്ലിംകളിൽ ബഹു ഭൂരിഭാഗവും വിശുദ്ധഖുർ ആനും തിരുസുന്നത്തുമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. അവരുടെ അനിസ്ലാമിക വ്യക്തിത്വവും സ്വഭാവവും അ മുസ്ലിംകളെ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നതിൽ നിന്ന് തടയുന്നു. ഇസ്ലാമിനെ പറ്റിയുള്ള ശരിയായ അറിവും, ധാരണയും നമ്മുടെ സഹ മുസ്ലിംസഹോദരങ്ങൾക്ക് പങ്കുവേക്കേിയിരിക്കു ന്നു.അതു പോലെ തന്നെ കൂടുതൽ അറിവ് സമ്പാദിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും തദ്വാര അവ രുടെ വിശ്വാസത്തെ ശരിയാക്കുവാൻ ശ്രമിക്കുകയും ചെയ്യേ താണ്. അത്യുന്നതമായ ലക്ഷ്യത്തിനു വേി അവർ പ്രയത്നിക്കേിയിരിക്കുന്നു. അതായത്, സ്വർഗ്ഗത്തിലെ അനന്തമായ സമാധാനവും സൗഭാഗ്യവും, അതാണ് അനന്തമായ ആനന്ദസൗഭാഗ്യം; അല്ലാഹുവിൽ നിന്നുള്ള പ്രീതി. മഹത്തായ വിജയം

സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴോരത്തുകൂടി അരു വികൾ ഒഴുകുന്ന ആരാമങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.അതിൽ അവർ നിത്യവാസികളായിരി ക്കും.ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ പരിശുദ്ധമായ താമസസ്ഥലങ്ങളും(അല്ലാഹു അവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു) അല്ലാഹുവിൽ നിന്നുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. അതു തന്നെ യാണ് മഹത്തായ വിജയം.(9:72)

അമുസ്ലിംകൾക്ക് ഈ ദൈവീക സന്ദേശം എത്തിക്കുന്നതിന് നാം കൂടുതൽ യത്നിക്കേിയിരിക്കുന്നു. അവർക്ക് നാം ഇസ്ലാമിലേക്ക് മാർഗ്ഗദർശനം നല്കണം. കാരണം അവർ വിശുദ്ധ ഖുർ ആനും, തിരുസുന്നത്തും, ദൈവീക വെളിപാടോടെ ഒരു ദൈവീക മനുഷ്യന്റെ വരവിനെപറ്റിയുള്ള കാര്യവും അവർക്ക് വ്യക്തമാക്കി കൊടുക്കണം. ഇവയൊക്കെ നിരാകരിച്ചിട്ട് മരണപ്പെട്ടാൽ, അവർ നരകാഗ്നിയിൽ ദീർഘ കാലം കഴിയേി വരും എന്നുള്ള സത്യം അല്ലാഹു താഴെകാണിച്ചിരിക്കുന്ന വചനങ്ങളിലൂടെ ഊന്നിപ്പറഞ്ഞി രിക്കുന്നു.

''ഇനി ആര് അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ നിയമപരിധികളെ അതിലംഘിക്കുകയും ചെയ്യുന്നുവോ, അയാളെ അവൻ നരകത്തിൽ പ്രവേശിപ്പി ക്കും. അയാൾ അതിൽ(ചിരകാലം)വസിക്കുന്ന നിലയിൽ.അയാൾക്ക് അവിടെ അപമാനകരമായ ശിക്ഷയു മു ാ കു ം''. (4:15)

''നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരെ നാം നിശ്ചയമായും അഗ്നിയിൽ

പ്രവേശിപ്പിക്കും. അവരുടെ ചർമ്മങ്ങൾ കരിഞ്ഞു പോകുമ്പോഴെല്ലാം അവയല്ലാത്ത മറ്റു ചർമ്മങ്ങൾ നാം അവർക്ക് മാറ്റികൊടുക്കും. ശിക്ഷ അവർ രുചിച്ചു നോക്കുന്നതിനു വേിയാണ് (ഇത്) തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു''.(4:57)

''ഗ്രന്ഥാനുസാരികളിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും അവിശ്വസിച്ചവർ തീർച്ചയായും നരകാഗ്നിയിൽ പതിക്കും. അതിൽ അവർ ചിരകാലവാസികളായിരിക്കും. സൃഷ്ടികളിൽ വെച്ച് ഏറ്റവും നികൃഷ്ടർ അവരത്രെ''.(98:7)

ഇപ്പോൾ ഞാനിവിടെ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.ഇൻഷാ അല്ലാ അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതാണ്. അല്ലാഹു തആല നിങ്ങൾക്ക് എല്ലാവർക്കും ദഅ്വ ചെയ്യുവാനുള്ള ധൈര്യവും, ആരോഗ്യവും നല്കി അനുഗ്രഹിക്കുമാറാകട്ടെ; ആമീൻ

## ജുംആയ്ക്ക് തൊട്ടുമുമ്പായി *(Creole)* ക്രയോൾ ഭാഷയിൽ ലഭിച്ച

## ദൈവീക വെളിപാട്

അല്ലയോ മുഹ്യിദ്ദീൻ, ഓർക്കുക.ജമാഅത്ത് അഹ്മദിയ്യാ അൽമുസ്ലിമീൻ അംഗങ്ങളെ നീ വിശ്വാസത്തിലേക്ക് ക്ഷണിച്ചപ്പോൾ, അവർ അഹങ്കാരത്തോടെ പിന്തിരിഞ്ഞുപോയി. അവർ വിചാരിക്കുന്നു അവരാണ് ദൈവീക രഹസ്യങ്ങളുടെ വക്താക്കളെന്ന്. അവർ വിചാരിക്കുന്നു ഹസ്രത്ത് മിർസാ ഗുലാം അഹ്മദിനെക്കാൾ വിശുദ്ധ ഖുർ ആനിക ജ്ഞാനമുള്ള മറ്റൊരാളും ഇല്ലെന്ന്. ഞാനെന്റെ അറിവ് ഞാനാഗ്രഹിക്കുന്നവർക്ക് നല്കുന്നു. താരതമ്യത്തിലൂടെ നിന്നെ അവർ എങ്ങനെയാണ് ആക്രമിക്കുന്നതെന്നു നോക്കൂ. നിശ്ചയമായും അവർക്കെങ്ങും പോകാൻ കഴിയില്ല. നീ അവരെ വിളിക്കുമ്പോഴെല്ലാം, അക്കാരണത്താൽ ഞാനവർക്കു പൊറുത്തു കൊടുക്കും. എന്നാൽ അവർ അവരുടെ വിരലുകൾ ചെവിയിലിടുകയാണ്. അവർ അവരെ അവരുടെ വസ്ത്രങ്ങൾ കൊ് മൂടുകയാണ്. അവരുടെ അഹങ്കാരത്തിൽ അവർ ഉറച്ചു നില്ക്കുകയാണ്. അവർ സ്വയം അങ്ങേ അറ്റത്തെ ദുരഭിമാനത്തിൽ അകപ്പെട്ടിരിക്കുകയാണ്. ക്ഷമിക്കൂ: എന്റെ ദാവൂദേ; നീതി നിർവ്വഹിക്കപ്പെടും.ഞാൻ (അല്ലാഹു) നീതി വിഭജിച്ചു നല്കുമ്പോൾ, അപ്പോൾ എല്ലാ കുറ്റവാളികളും രുചിച്ചു നോക്കേി വരും; അവരുടെ വിധിക്ക് കീഴടങ്ങേി വരും. അപ്പോൾ അവിടെ നിന്ന് കുതറിമാറുവാൻ ഒരു വഴിയും കത്തെുകയില്ല. നീ അവരുടെ കാര്യത്തിൽ പ്രത്യേക പരിഗണനയും, ദയയും കാണിക്കുന്നു. എന്നാൽ നിന്റെ കാര്യത്തിൽ അവർക്ക് ഒരു പരിഗണനയും ഇല്ല .തെറ്റായ പാത തെരഞ്ഞെടുത്തവർ അതിലൂടെ സഞ്ചരിക്കട്ടെ/ അലഞ്ഞുതിരിയട്ടെ. നിശ്ചയമായും നിനക്ക് അവരുടെ ഹൃദയങ്ങൾക്ക് മാറ്റം വരുത്തുവാൻ കഴിയുകയില്ല. ഞാനാകുന്നു; നിന്റെ അല്ലാഹ്, അന്തിമമായി അവരെ കൈകാര്യം ചെയ്യുന്നതാണ്. ക്ഷമിച്ചിരിക്കുക. നിനക്ക് ക്ഷമ ലഭിക്കുന്നത് അല്ലാഹുവിൽ നിന്നു മാത്രമാണ്. അവരെ സംബന്ധിച്ച് നീ ദു:ഖിക്കരുത്; അവസാനം, നീ തന്നെയായിരിക്കും വിജയശ്രീലാളിതനാകുന്നത്. ആ സമയം ആഗതമാകുമ്പോൾ അവരുടെ കണ്ണുകളിൽ നിന്നും, അവരുടെ കവിൾത്തടങ്ങളിലൂടെ ഉരുു വീഴുന്നത് കണ്ണനീർ ആയിരിക്കില്ല. പിന്നെയോ, രക്തമായിരിക്കും, അവരുടെ കവിളുകളിലൂടെ ഒഴുകുന്നത്,കാരണം,ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയോട് അവർ, അങ്ങനെയാണ് പെരുമാറിയത്''.

*Translated by: R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*